# Malayala Manorama

# 1 August 2018

# Kerala: Flood, Heavy rain, Dam Opening



# മഴ, വീണ്ടും

- നാളെ വരെ കനത്ത മഴ: വൻ തിരമാലകൾക്കും സാധ്യത
- ഒരു മരണം
- ഇടുക്കി അണക്കെട്ട് ഉടൻ തുറക്കില്ല; മുല്ലപ്പെരിയാർ ജലനിരപ്പ് താഴുന്നു
- ആലപ്പുഴയിൽ അങ്കണവാടി കെട്ടിടവും കോഴിക്കോട്ട് സ്കൂളും തകർന്നു

**മനോരമ ലേഖകർ**

സംസ്ഥാനത്തു കനത്ത മഴയും മിന്നലും കാറ്റും തുടരുന്നു. എല്ലാ ജില്ലകളിലും കനത്ത മഴ ലഭിച്ചു. തിരുവനന്തപുരത്തു പൊട്ടിവീണ വൈദ്യുത ലൈനിൽ നിന്നു ഷോക്കേറ്റ് ഒരാൾ മരിച്ചു. ശക്തമായ മഴ നാളെവരെ തുടരുമെന്നാണു കാലാവസ്ഥാ വകുപ്പിന്റെ അറിയിപ്പ്.

ഇന്നു ചില സ്ഥലങ്ങളിൽ അതിശക്തമായ മഴയ്ക്കു സാധ്യതയുണ്ടെന്നും തീരപ്രദേശത്തു തിരമാലകൾ 3.2 മീറ്റർ വരെ ഉയർന്നേക്കാമെന്നും അധികൃതർ മുന്നറിയിപ്പു നൽകി. മത്സ്യത്തൊഴിലാളികൾ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

ഇതേസമയം, ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് 2395.68 അടിയായി ഉയർന്നു. എന്നാൽ, അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്തു മഴയും നീരൊഴുക്കും കുറഞ്ഞതിനാൽ തിരക്കിട്ടു ഷട്ടറുകൾ തുറക്കേണ്ടതില്ലെന്നാണു വിദഗ്ധോപദേശം.

മഴ ശക്തമാകുകയും നീരൊഴുക്കു കൂടുകയും ചെയ്താൽ അവസാന ജാഗ്രതാനിർദേശം (റെഡ് അലർട്ട്) പുറപ്പെടുവിച്ച്, 24 മണിക്കൂറിനു ശേഷം ചെറുതോണിയിൽ ഷട്ടറുകൾ ഉയർത്തും. ഇതിനു മുന്നോടിയായി ട്രയൽ റൺ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി.

മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് 135.55 അടിയായി താഴ്ന്നു. തിങ്കളാഴ്ച 135.8 അടിയായിരുന്നു. വൃഷ്ടിപ്രദേശത്തു മഴ കുറഞ്ഞതും കൂടുതൽ വെള്ളം തമിഴ്നാട് കൊണ്ടു പോകുന്നതുമാണു ജലനിരപ്പു താഴാൻ കാരണം.

ഇന്നലെ സംസ്ഥാനത്തു പലയിടത്തും ഉരുൾപൊട്ടലുണ്ടായി. വ്യാപകനാശനഷ്ടമുണ്ട്.

തിരുവനന്തപുരത്തു വൈദ്യുത ലൈനിൽനിന്നു ഷോക്കേറ്റ് നാലാഞ്ചിറ ജോർജുകുട്ടി(76)യാണു മരിച്ചത്.

ആലപ്പുഴ ഇടപ്പോണിൽ അങ്കണവാടി കെട്ടിടത്തോടു ചേർന്നു നിന്ന കെട്ടിടം തകർന്നുവീണെങ്കിലും കുട്ടികൾ അദ്ഭുതകരമായി രക്ഷപ്പെട്ടു.

തൃശൂർ ജില്ലയിൽ അതിരപ്പിള്ളി വിനോദസഞ്ചാര കേന്ദ്രം അടച്ചു. അതിരപ്പിള്ളിക്കും മലക്കപ്പാറയ്ക്കും മധ്യേ ഗതാഗതം നിരോധിച്ചു.

കോഴിക്കോട് താമരശ്ശേരി താലൂക്കിലെ പരപ്പൻപൊയിൽ രാരോത്ത് ജിഎംഎ ഹൈസ്കൂൾ കെട്ടിടം തകർന്നുവീണു. കനത്ത മഴയെ തുടർന്നു സ്കൂൾ നേരത്തേ വിട്ടിരുന്നതിനാൽ കുട്ടികളും അധ്യാപകരും രക്ഷപ്പെട്ടു.

കണ്ണൂർ ജില്ലയിൽ ആറളം വനത്തിൽ ഉരുൾപൊട്ടി ചീങ്കണ്ണിപ്പുഴയിലുണ്ടായ മലവെള്ളപാച്ചിലിൽ വളയംചാൽ, രാമച്ചി തൂക്കുപാലങ്ങൾ ഒഴുകിപ്പോയി. രാമച്ചി പാലം തകർന്നതിനെ തുടർന്ന് ആറളം വന്യജീവി സങ്കേതം ഡപ്യൂട്ടി റേഞ്ചർ സി.വിജിത് ഉൾപ്പെടെ ആറംഗ വനപാലക സംഘം അഞ്ചു മണിക്കൂർ ഉൾവനത്തിൽ കുടുങ്ങി.

## കൂട്ടിനു മിന്നൽ; ജാഗ്രത വേണം

ഇടവപ്പാതിയിൽ പതിവില്ലാത്തവിധമുള്ള ഇടിയും മിന്നലുമാണ് കഴിഞ്ഞ രണ്ടു ദിവസമായി കേരളത്തിലുണ്ടായത്. കാലവർഷം പെട്ടെന്നു ശക്തിപ്രാപിക്കുമ്പോൾ മിന്നൽ ഉണ്ടാകാറുണ്ടെന്ന് കാലാവസ്ഥാകേന്ദ്രം ഡയറക്ടർ കെ. സന്തോഷ് പറഞ്ഞു. ഈർപ്പമുള്ള കാറ്റ് പൊതുവേ വരണ്ട വായുവുമായി കൂടിച്ചേരുമ്പോൾ ഇടിമേഘങ്ങൾ (തണ്ടർ ക്ലൗഡ്) രൂപപ്പെടുന്നു. ഇവയാണ് ശക്തമായ മിന്നലിനും ഇടിക്കും കാരണമാകുന്നത്. മിന്നൽ ശക്തമായതിനാൽ ജാഗ്രത പുലർത്തണമെന്നു സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും മുന്നറിയിപ്പു നൽകിയിട്ടുണ്ട്.

## മഴയ്ക്കു കാരണം അന്തരീക്ഷച്ചുഴി

കേരളത്തിൽ മഴ ശക്തമായതിനു പ്രധാന കാരണം ഒഡീഷ തീരത്തു രൂപപ്പെട്ട അന്തരീക്ഷച്ചുഴി. അന്തരീക്ഷച്ചുഴിയെത്തുടർന്ന് കാറ്റിന്റെ ഗതിയിലുണ്ടായ മാറ്റമാണ് പൊടുന്നനെ കാലവർഷം ശക്തിപ്പെടുത്തിയത്. ഇതേ പ്രതിഭാസം മൂലം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും മഴ ശക്തമായിട്ടുണ്ട്.

## 18 അണക്കെട്ടുകൾ തുറന്നു; മലമ്പുഴ ഇന്ന്



**അണക്കെട്ടുകളിലെ ജലനിരപ്പ് ഇന്നലെ**
(ശതമാനക്കണക്കിൽ)

| | |
|---|---|
| ഇടുക്കി | 91% |
| പമ്പ | 93 % |
| കക്കി | 93 % |
| ഷോളയാർ | 100 % |
| ഇടമലയാർ | 93 % |
| കുണ്ടള | 56 % |
| മാട്ടുപ്പെട്ടി | 85 % |
| കുറ്റ്യാടി | 93 % |
| ബാണാസുരസാഗർ | 100 % |
| ആനയിറങ്കൽ | 33 % |
| പൊൻമുടി | 97 % |
| പെരിങ്ങൽകുത്ത് | 100 % |
| ലോവർ പെരിയാർ | 100% |

ഗ്രാഫിക്സ്: മനോരമ